# സ്പന്ദനം



# ഉള്ളടക്കം


1.ഒരുപുഞ്ചിരി.............................................3

2.വേർപാടിൻറവേദന....................................4

3.മനസ്സിൻറെശുദ്ധി......................................5

4.വിജയം.....................................................6

5.നിലാവിന്റശോഭനിലച്ചു...............................8

6.വരണ്ടഭൂമി................................................11

7.മൂളുന്നകാറ്റുകൾ........................................13

8. അവൾ അവളുടെ രേഖകൾ.........................16

9. തനിച്ചിരിക്കനാണെനിക്കിഷ്ടം.......................19

10. പള്ളിയിലെ പെൻഡുലം...........................21

11.കുഞ്ഞുങ്ങളുടെ ശ്മശാനം............................22

12.നവകേരള പിറവി......................................25

13. പഴഞ്ചൊല്ലുകൾ.......................................26

14. പ്രളയത്തിലൂടെ........................................27

15.കൗതുകം...................................................29

16. ഹരിത ഭാവിയിലേക്ക് .............................32

17. കണ്ടൽക്കാടുകൾ.....................................34

18 കാടുകൾ ......കാടുകൾ.............................35

19.നിത്യഹരിതവനങ്ങൾ................................36

18. ഏറുമാടം.................................................37

19. പൊരുതി വളർന്ന കേരനാട് ...................41

# ഒരു പുഞ്ചിരി

വൈശാഖ് . എ

ഒരു പൈതൽ പുഞ്ചിരിക്കുമ്പോൾ

ഒരു മലർ വിടരും പോലെ

ഒരു പുഷ്പം വിടരുമ്പോൾ

നേരം പുലരും പോലെ

നേരം പുലരുമ്പോൾ

നൂറു മണം വിടരും പോലെ

നൂറു മണം വിടരുമ്പോൾ

അമൃതം ചൊരിയും പോലെ

ഈ സുന്ദരമാം അനുഭൂതി

സത്യമാം അനുഭൂതി.

# വേർപാടിൻറെ വേദന

*ലാലാ ഷഹബാസ്*

ഞാൻ ഇന്നും ഓർക്കുന്നു ആ ദുഷിച്ച നാളുകൾ

എന്നുടെ താതൻ വേർപെട്ട കാലം

അറിയാതെ ഞാനൊന്നു വെറുതെയിരുന്നു

പണ്ടത്തെ ഓർമ്മകൾ ചികഞ്ഞുനോക്കി

മനസ്സിൽ രോദനം നിറഞ്ഞുവന്നു.

ആ നാളുകൾ ഞാൻ ഓർത്തപ്പോൾ

വേർപാടിൻറെ വേദനയിൽ ഞാൻ

ദുഃഖിച്ചു പോയി

ഹാ! ആ വേർപാടിൻ വേദനയിൽ

എന്നാത്മസംഗീതം ഈണത്തിൽ പാടി

എൻ മനസ്സിൽ തനിയെ ആശ്വസിച്ചു.

വേർപെട്ട താതനെ ഓർത്തു ഞാൻ

പിന്നെയും മനസ്സിൽ രോദനം നിറച്ചുവെച്ചു

# മനസ്സിൻറെ ശുദ്ധി

***സൻഷിത്ത്. എം. കെ***

നാം നമ്മെ തന്നെ ബഹുമാനിക്കണം. നമ്മുടെ ശരീരം നമ്മുടെ മനസ്സ് നമ്മുടെ ചിന്ത ഇവയെല്ലാം വളരെ വൃത്തിയായി സൂക്ഷിക്കണം. അഴുക്കുകൾ കൂട്ടിയിടുന്ന അഴുക്കുചാൽ പോലെ ആകരുത് നമ്മുടെ മനസ്സ്. നേർവഴിയിലൂടെ സഞ്ചരിക്കുന്ന ഒരു മനുഷ്യന് ഈ ഭൂമിയുടെ നേർക്ക് തലകുനിച്ച നടക്കേണ്ടി വരുന്നില്ല. അങ്ങനെയുള്ള ഒരാൾക്ക് ഈ ലോകം ഒരു ഇരുട്ടല്ല. എല്ലാ കാര്യങ്ങളിലും നാം ഉത്സാഹം പ്രകടിപ്പിക്കണം .

ഒരു ജോലിയും ചെയ്യാതെ അലസതയിലിരിക്കുന്ന ഒരാളുടെ മനസ്സിൽ പല ദുഷിച്ച ചിന്തകളും കടന്നു വരും. അതിനാൽ നാം നമ്മുടേതായ കാര്യങ്ങളിൽ പങ്കുചേരണം. നമ്മുടെ മനസ്സിൻറെ ശുദ്ധി എന്നും പുലർത്തണം .

# വിജയം

മുഹമ്മദ് ആത്തിഫ് നൂർ

അടുത്തദിവസം സൗമ്യ നേരത്തെ എഴുന്നേറ്റു . സ്കൂൾ തുറക്കുന്ന ദിവസം ആണ് . അവൾ സുമേഷിനെയും വിളിച്ചു. പിന്നീട് അവൾ അമ്മ സാവിത്രിയേയും അമ്മൂമ്മ നാണിയേയും വിളിച്ചുണർത്തി . സാവിത്രി വികലാംഗയാണ് . എന്നാൽ നാണിയാണ് ആ കുടുംബം പുലർത്തുന്നത്. നാണി കൂലിപ്പണിക്ക് പോവും. അച്ഛൻ സ്വത്തിൻറെയും സ്ത്രീധനത്തിൻറെയും കാര്യം പറഞ്ഞു തർക്കിച്ച് പിരിഞ്ഞുപോയി .

സൗമ്യ രാവിലെ കുളിച്ച് അമ്പലത്തിൽ പോയി . പിന്നീട് വീടിനു മുൻപിലുള്ള തൊടിയിൽ പോയി തേങ്ങ പെറുക്കി ഇവരെ ചില സന്ദർഭങ്ങളിൽ സഹായിക്കാറുണ്ട്. പ്രത്യേകിച്ച് ഇപ്പോൾ സ്കൂൾ തുറക്കുകയാണ് അതിനാൽ പല ചിലവുകളും ഉണ്ട്. തേങ്ങ വിറ്റാൽ ഇതിനൊക്കെയുള്ള പണം കിട്ടും. പിന്നീട് സൗമ്യ സുമേഷിനൊപ്പം സ്കൂളിൽ പോയി. രണ്ട് കിലോമീറ്റർ നടന്നുവേണം പോകാൻ. ചിലപ്പോൾ നേരം വൈകിയാൽ ടീച്ചർ അവളെ അടിക്കാറുണ്ട്. പക്ഷെ ഇതിലൊന്നും അവൾക്കു സങ്കടം ഇല്ലായിരുന്നു. ഓണത്തിനും വിഷുവിനും എല്ലാവരും പുതിയ വസ്ത്രങ്ങളൊക്കെ ഇട്ടു നടക്കുമ്പോഴും അവളാഗ്രഹിച്ചത്ത് ബന്ധുക്കളോടൊപ്പം ഒരു സദ്യ കഴിക്കാനാനും, അച്ഛനും

അമ്മയും അനുജനുമൊത്ത്  നടക്കാൻ ഇറങ്ങുക, എന്നിങ്ങനെയുള്ള പല മോഹങ്ങളും അവൾക്കുണ്ടായിരുന്നു .

അങ്ങനെ അവൾ ഒമ്പതാംക്ലാസിൽ ഉയർന്ന മാർക്കോടെ പാസ്സായി. പക്ഷേ പത്താം ക്ലാസ്സിൽ ആയിരുന്നപ്പോൾ അച്ഛനും അമ്മയും വിവാഹമോചിതരായി. ഈ സങ്കടത്തിൽ അവൾ പഠിത്തത്തിൽ ശ്രദ്ധിച്ചില്ല. അതിനാൽ അവൾക്ക് ഫസ്റ്റ് ക്ലാസ് മാത്രമേ കിട്ടിയുള്ളൂ. തുടർന്ന് പഠിക്കാൻ അവൾക്ക് വളരെ ആഗ്രഹമുണ്ടായിരുന്നു. പഞ്ചായത്ത് അധികൃതരോട് പറഞ്ഞ് ഫണ്ട് രൂപീകരിച്ച് അവർ സൗമ്യയ്ക്ക് പഠിക്കാൻ ധനസഹായം നൽകി. അതിനാൽ അവൾ വളരെ നന്ദി ഉള്ളവളുമായിരുന്നു. അങ്ങനെ അവൾ മെഡിസിനു ചേർന്നു. തുടർന്ന് ഫലം പുറത്തിറങ്ങിയപ്പോൾ പതിനാലാം റാങ്കോടുകൂടി വിജയിച്ചു. അങ്ങനെ അഞ്ചു കൊല്ലം കഴിഞ്ഞപ്പോഴേക്കും ഒരു ഡോക്ടറായി. ലക്ഷക്കണക്കിനു ജനങ്ങളെ ശുശ്രൂഷിച്ചുകൊണ്ട് അവൾ അവളുടെ ജീവിതയാത്ര തുടരുകയായി.

# നിലാവിൻറെ ശോഭ  നിലച്ചു

*അനശ്രേയ*

കറുത്ത പരവതാനി വിരിച്ചൊരഴകാം

ഭൂമിയിലൊരാനന്ദമേകി

മരച്ചില്ലകൾ കാറ്റാടി പോലെ ആടിത്തുടങ്ങി

പൂക്കൾ നറുമണം വാരിവിതറി,

കൊണ്ടാനേരത്തെ വരവേറ്റു

വെള്ളരിപ്രാവിൻറെ ചേലുള്ള

പ്രഭാത വീചിയെ

ആനന്ദത്തോടെ കണികണ്ടു

കറുത്ത പുൽപടർപ്പിലെ  പൂക്കളെഴുന്നേറ്റു

തലയുയർത്തി കൊണ്ട് പുഞ്ചിരിച്ചു

മഞ്ഞുകട്ടയ്ക്കുപോലും സ്ഥാനമില്ല;

ജ്വാലയായ സൂര്യരശ്മികൾ നിലാവിനെ മായ്ച്ചു

ഞാനില്ലാത്തപ്പോൾ ജീവജാലങ്ങൾക്കു ചെറു

വെളിച്ചം പകർന്ന നിലാവിനു മുന്നിൽ

നന്ദി പ്രകടിപ്പിച്ചു

ആഘോഷ നിമിഷങ്ങൾക്കു

വഴി തുറന്നുകൊണ്ടൊരു

പ്രഭാതം വന്നുചേർന്നു

തണുത്ത മഞ്ഞുതുള്ളിയെ മായ്ച്ചു

പൂക്കൾക്കു പ്രഭചൊരിയാൻ

നേരമായെന്ന് കണ്ടു

മഞ്ഞുതുള്ളി മാഞ്ഞു

കൃത്യനിഷ്ഠതയോടെ ജോലി ചെയ്യും ഒരാൾ

അത് സൂര്യനാണ്.

രാത്രി പകലാക്കി മാറ്റുന്നവൻ.



നിന്ദ .എൻ

# വരണ്ട ഭൂമി

*അനശ്രേയ*

ഹാ!  മനോഹരമാം  പുഷ്പമേ!

നിനക്കുവേണ്ടി ഞാൻ

ഒരു തുള്ളി ജലം പോലും കാണുന്നില്ലല്ലോ

വരണ്ട നാവിൻറെ

മാറത്തുറങ്ങുന്ന നമ്മെ

കാണാത്തതെന്തേ മേഘങ്ങളെ?

നിൻ ശബ്ദത്തിനായി കാതോർക്കുന്ന നമ്മെ

കാണാൻ നീ വരാത്തതെന്തോ?

പൂക്കൾക്കുമില്ല ചാഞ്ചാട്ടം

ഭൂമിയൊന്നാകെ നിശ്ചലം

മാനം നീളമാണെങ്കിലും

നാവും വരണ്ടുപോയി

ജീവജന്തുക്കൾക്ക് മരണമടുത്തു

ആർക്കുവേണ്ടിയാണീ  ചൂട്

വിട ചൊല്ലുവാൻ പോകുന്ന

ഭൂമിയെനോക്കി ഒരു പുലരി കൂടി

പുഞ്ചിരിക്കട്ടെ!

ആരും താങ്ങി

നിർത്താനില്ല എന്ന

തിരിച്ചറിവാണ്

പിന്നീട്

പറന്നുയരാൻ

ചിറകുകളായി

മുളക്കുന്നത്

# മൂളുന്ന കാറ്റുകൾ

***അനശ്രേയ***

നിശബ്ദമാം താഴ്വരകളെ നോക്കി

നിന്നാലോചിച്ചു

മന്ദസ്മിതം ചൂടി നിന്ന് പുലരി

എന്നെ താലോലിച്ചു

സൂര്യനെ കണികാണാൻ പാഞ്ഞോടി

മുറ്റത്തുനിന്നു കിഴക്കിലേക്ക്

കണ്ണു തുറിച്ചു നോക്കി,

നോക്കി മുഷിഞ്ഞു ഞാൻ ദേഷ്യത്തിലാ

പുലരിയോട്  ആർത്തസ്വരത്തിൽ

താളമിട്ടു ചൊല്ലി;

വൈകിപ്പോയോ

അഗ്നിയിൽ മുങ്ങിയ

നവരത്നത്തിൻ ആഗമനം?

കാണ്മതില്ലല്ലോ പുലരിയെ

നോക്കി ചിരിക്കുന്ന കണ്ണുകൾ!

പെട്ടന്നതിനുത്തരമായി , ശാന്തമാം

പുലരിയിൽ നീണ്ടുനിന്ന കാറ്റ്;

അതിന് രാഗവും താളവും ആയി

വരവായി ശബ്ദങ്ങൾ

ഇടിയുടെ സ്വരവും മിന്നലിൻ വെളിച്ചവും

പെട്ടെന്നു വന്നു മേഘത്തിൻ സമ്മാനമാം

മഴത്തുള്ളികൾ

അതു നോക്കി നിൽക്കുവാൻ എന്താഹ്ലാദം

ഇതു പുലരിയോ സന്ധ്യയോ എന്ന

സംശയത്തിൽ മുഴുകി പലരും .

ഉഷ്ണത്തെ ശമിപ്പിക്കുന്ന മഴ,

കുറച്ചു സമയത്തിനകം അപ്രത്യക്ഷമായി

വീണ്ടും നിശബ്ദമായി ഭൂമി

പുലരിയിലെ സൂര്യനെ കൺനിറയെ കണ്ടു

മണ്ണിൻറെ സുഗന്ധം മനസ്സിൽ പതിഞ്ഞു

സൗന്ദര്യവതിയാം പ്രകൃതിക്ക്

സൗന്ദര്യം ഇരട്ടിച്ചതുപോലെ,

പുഞ്ചിരിയോടെ ഞാൻ നോക്കിനിന്നു !

"വിദ്യാഭ്യാസം എന്നാൽ എഴുത്തും
വായനയും പഠിക്കുക എന്നതല്ല . അത്
പ്രതിസന്ധികളെ തരണം ചെയ്യാനുള്ള
കരുത്താർജ്ജിക്കലാണ്"

ഗാന്ധിജി

# അവൾ അവളുടെ രേഖകൾ

*നതാഷ . എം*

ഹിമഞ്ഞു കണങ്ങൾ തൻ പരിശുദ്ധിയിൽ -

ധരതൻ ലോലമാം മടിത്തട്ടിൽ

പിഞ്ചോമനയായി ജനിച്ചവർ

താരാട്ടുപാട്ടിൻ രാഗം

കേട്ടമ്മതൻ മാറിൽ മയക്കമായി

രാപ്പാടി തൻ കളനാദം പോൽ

ചിണുങ്ങിയവളുടെ വെള്ളിക്കൊലുസുകൾ

വളർന്നു വന്നവൾ, വിടർന്നു എന്നെന്നും

ഒരു വാടാ കുസുമം പോൽ.....

പെൺമതൻ ഭാവം ഉദിച്ചു അവളിൽ തുടുത്ത

അവളുടെ കവിൾത്തടങ്ങൾ

ശൈശവ വേലകൾക്കന്ത്യമായി......

അവളിൽ ഋതുമതിതൻ സ്വപ്നം തളിർക്കയായി.....

മാരിവിൽ പോലെ ഉദിച്ചു....

അവൾ പേമാരി പോലെവന്നു.....

സന്തോഷമതി തന്നവളുടെ ജീവിതപാതയിൽ

ഉണ്ടായി കാലിടർച്ച.....

മാനവരാശിതൻ പൈതൃകാചാരമാം

മാംഗല്യമാണവളുടെ അന്തകൻ

പെൺമതൻ സൗഭാഗ്യമാം സീമന്തരേഖ

അവൾക്കൊരു ശാപരേഖ.......

കാലം  മറക്കാത്ത പാട്ടുകൾ ഇല്ലല്ലോ.....

അങ്ങനെയവളിൽ നിന്നുമുണർന്നു വരു

സ്ത്രീത്വത്തിനങ്കുരം.......

കാലം നീങ്ങും നാളുകളിൽ

അവളിൽ നിന്നുമുണ-

ർന്നയമ്മയൊരു  മുത്തശ്ശിയായി......

സ്വസ്ഥം എന്നാശിച്ച വാർദ്ധക്യമിന്നൊരു-

വൃദ്ധസദനത്തിൽ നിലച്ചു.....

ഇതാണ് പെണ്മതൻ വിധി.......

ജനിച്ചതവളൊരു രാജകുമാരിയായി ........

ജീവിച്ചതവളൊരു തോഴിയായി.......

പിന്നീട് മരിച്ച അവളൊരു അന്യയായി.

ഓർമ്മകൾക്ക്

ഒരായുസ്സിന്റെ

മധുരമാണ്

# തനിച്ചിരിക്കാനാണ് എനിക്ക് ഇഷ്ടം

*ദേവനന്ദ. പി*

കർക്കിടകത്തിലെ മഴനനഞ്ഞ് ഞാൻ

പള്ളിക്കൂടം വിട്ടു വന്നപ്പോൾ

വാതിൽക്കൽ വെച്ച് കൈമടക്കി കിട്ടിയാ

തന്നോട് എനിക്ക് കോപമായിരുന്നു.....

ഉള്ളി പിടിച്ചുനിർത്തി തലതോർത്തി തന്നപ്പോൾ

കേട്ട ശകാരങ്ങളോട് എനിക്ക് വെറുപ്പായിരുന്നു......

മൂവാണ്ടൻ മാവിലെ നീറിൻറെ കൂട്ടം

എന്നെ പൊതിഞ്ഞ വേദനയിൽ കരയുമ്പോൾ

കേട്ട പൊട്ടിച്ചിരികളോട് എനിക്ക് ദേഷ്യമായിരുന്നു....

ഇരുന്നുകൊണ്ട് ശാസിച്ചപ്പോൾ എഴുന്നേൽക്കാൻ ശാസിച്ച

വാക്കുകളെ എനിക്ക് ഭയമായിരുന്നു.....

ഇപ്പോൾ തനിച്ചിരിക്കാനാണ് എനിക്കിഷ്ടം

ഭയക്കാൻ വാക്കുകളോ ദേഷ്യപ്പെടാൻ പൊട്ടിച്ചിരികളോ

വെറുക്കാൻ ശകാരങ്ങളോ

കോപിക്കാൻ തല്ലുകളോ ഇല്ലാ....

ഈ നാല്ല ചുമരുകൾക്കുള്ളിൽ ഞാനും

എന്നെ താങ്ങുന്ന ഊന്നുവടിയും.

തോറ്റ പോകാൻ

ഒരുപാട് കാരണങ്ങൾ

ഉണ്ടാകും പക്ഷേ....

ജയിക്കാൻ ഒരൊറ്റ

കാരണമേ ഉണ്ടാകൂ....

ജയിക്കണമെന്നുള്ള

നമ്മുടെ ഉറച്ച

തീരുമാനം

# പള്ളിയിലെ പെൻഡുലം

ഫാത്തിമത്തുൽ നാസില

ഇറ്റലിയിലെ പിസയിൽ 1564 ൽ ജനിച്ച ഗലീലിയോ ഗലീലി ആയിരുന്നു ആ പെൻഡുലത്തിൻറെ പിതാവ്.

സമയമറിയാനുള്ള സംവിധാനങ്ങൾ തീരെ കുറവായിരുന്നു അന്ന്. കൈയിലെ നാഡിയിടിപ്പ് എണ്ണിനോക്കിയാണ് വിളിക്കിൻറെ അട്ടത്തിൻറെ സമയം കുറിച്ചത്.

1610 ൽ ദൂരദർശിനി നിർമ്മിച്ച അദ്ദേഹം ചന്ദ്രഭ്രമണത്തെ കുറിച്ച് പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. 1564 മുതല് 1642 വരെയായിരുന്നു ഗലീലിയോ യുഗം.

# കുഞ്ഞുങ്ങളുടെ_ശ്മശാനം

***മുഹമ്മദ് ഷാനിസ്***

കുഞ്ഞുങ്ങളുടെ സ്മശാനത്തിനരികിലൂടെ

വീട്ടിലേക്ക് നടക്കുമ്പോൾ

കാലിൽ  കുടുങ്ങിയ  ഈ വേര്

ഏത് കുഞ്ഞിൻറെ ഇളം വിരലാണ്

പൂത്തുനിൽക്കുന്ന മൈലാഞ്ചി

ഏതു  കുഞ്ഞിൻറെ  സ്വപ്നമാണ് .

അവർക്കു ഓർമ്മയുണ്ടാവുമോ

അവരുടെ രക്തബന്ധങ്ങളെ

വാക്കിൻറെ  തൊണ്ട  അടച്ചിട്ടുണ്ടാവുമോ

ഒരുപിടി മണ്ണ് പിറക്കുമ്പോൾ തന്നെ

മരിച്ചുപോയ കുഞ്ഞുങ്ങൾക്ക്

ദൈവം ഇട്ടുകൊടുത്തിട്ടുണ്ടായിരിക്കുമോ

തിരിച്ചറിയാൻ ഒരു പേര്

അവരുടെ നിശബ്ദമാക്കപ്പെട്ട കരച്ചിൽ

തിരിച്ചറിയുമോ

പാലു തിങ്ങിയ മുലകൾ

അവരുടെ

നഷ്ട ജീവിതത്തിൻറെ നിശ്വാസമാവുമോ

നീരാവിയായുയരുന്നത്

പിടയ്ക്കുന്ന ഹൃദയ സൂചികളിൽ

തുങ്ങിയാവുമോ

വസന്തങ്ങൾ പിച്ച വെക്കുന്നത്,

ഒരു പൂച്ച

ഇടവഴി ചാടി കടക്കുന്നു

കാലിൽ കുടുങ്ങിയ കുഞ്ഞു കൈ

വേദനിപ്പിക്കാതെ

ഞാൻ എടുത്തുമാറ്റുന്നു

ഞാൻ എൻറെ

ശ്മശാനത്തിലേക്ക്

പതിവുപോലെ നടന്നു പോകുന്നു.

കഴിവു കണ്ടു

സ്നേഹിക്കുന്നവരെയല്ല കുറവു

കണ്ടു സ്നേഹിക്കുന്നവരെയാണ്

തിരഞ്ഞെടുക്കേണ്ടത്

# നവകേരള പിറവി

*മുഹമ്മദ് സിദാൻ*

ഒരുമ കൊണ്ട് നാടിനു പെരുമ നൽകിയ വലിയൊരു രക്ഷാദൗത്യത്താൽ കേരളം മഹാപ്രളയത്തെ ജയിച്ചു കഴിഞ്ഞു. ഇതിനിടെ എല്ലാ വേർതിരിവുകളും ഇല്ലാതാക്കി ഐക്യവും ലക്ഷ്യബോധവും കൊണ്ട് പുനർജനിച്ചത് പുതിയൊരു കേരളം തന്നെയാണ്. ചരിത്രത്തിൽ ഏറ്റവും വലിയ പ്രളയം നമ്മുടെ നാടിനെ തകർത്താണ് തിരിച്ചുപോയത്.

അതുകൊണ്ടുതന്നെ നവകേരളനിർമ്മിതി ആണ് നമുക്ക് മുന്നിലുള്ള സുന്ദര സ്വപ്നം. കൂടാതെ ഏറ്റവും കടുത്ത വെല്ലുവിളിയും. പ്രളയബാധിതമായ നമ്മുടെ നാടിനു വേണ്ടത് പുനരധിവാസം മാത്രമല്ല പുതിയ കേരളം തന്നെയാണ് അതിനുള്ള എല്ലാ പദ്ധതികളും സർക്കാർ തുടങ്ങിക്കഴിഞ്ഞു.

ഓരോ പ്രദേശത്തിനും അനുയോജ്യമായ സവിശേഷതകൾ കണ്ടറിഞ്ഞുള്ള വികസനമാവണം.

നമ്മുടെ എത്രയോ റോഡുകളും പാലങ്ങളും തകർന്നു കഴിഞ്ഞു.

# പഴഞ്ചൊല്ലുകൾ

*മുഷറഫ്. ഇ*

- അത്താഴം മുടക്കാൻ നീർക്കോലി മതി.
- അതി ലാഭം പെരുംചേതം.
- അലക്കൊഴിഞ്ഞിട്ട് പെണ്ണുകെട്ടാൻ നേരമില്ല.
- ആറ്റിൽ കളഞ്ഞാലും അളന്നു കളയണം.
- ഇട്ടിയമ്മ ചാടിയാൽ കൊട്ടിയമ്പലം വരെ.
- എലി നിരങ്ങിയാൽ ഉത്തരം താഴില്ല.
- ഇഷ്ടമില്ലാത്തച്ചി തൊട്ടതെല്ലാം കുറ്റം.
- ഉള്ളത് പറഞ്ഞാൽ ഉറിയും ചിരിക്കും.
- എങ്ങുന്ന അമ്മയ്ക്ക് കുരക്കുന്ന അച്ഛൻ.
- ഒരു ദിവസം ഉണ്ട ചോറും ഒരിക്കൽ കുളിച്ച കുളവും മറക്കരുത്.

# പ്രളയത്തിലൂടെ.....

*മുഹമ്മദ് അഫ്സൽ*

ഈ വർഷം നാം നേരിട്ട ഏറ്റവും വലിയ പ്രതിസന്ധി ആണല്ലോ പ്രളയം. കടുത്ത നഷ്ടങ്ങളും ഒരുപാട് മരണവും സംഭവിച്ചല്ലോ! നാം തന്നെ വരുത്തിവച്ച ഒരു വൻദുരന്തമാണ് ഇത്. 1924 ന് ശേഷമുള്ള വൻ ദുരന്തമാണിത്. 2600 ൽ പരം വീടുകൾ പൂർണ്ണമായോ ഭാഗികമായോ നഷ്ടപ്പെട്ടുവെന്ന് നമുക്ക് അറിയാമല്ലോ. ഈ വൻ ദുരന്തം ഇനി പരമാവധി എങ്ങനെ ഒഴിവാക്കാമെന്ന് നാം ചിന്തിക്കണം. സഹ്യപർവ്വത നിരയിൽനിന്ന് അറബിക്കടലിലേക്ക് കേരളം ചെരിഞ്ഞു നിൽക്കുകയാണ്. അതിനാൽ മഴപെയ്താൽ അറബിക്കടലിലേക്ക് ഒഴുകി എത്തുന്നതാണ്.

നിർത്താതെയുള്ള മഴകാരണം ഡാമുകളിലെ ജലനിരപ്പ് ഉയർന്നതിനാൽ ഒരുവിധം എല്ലാ ഷട്ടറുകളും തുറക്കേണ്ടി വന്നുവല്ലോ. കരകവിഞ്ഞൊഴുകിയും വീടുകൾ തകർന്നു വീണു കൊണ്ടും നമ്മുടെ പ്രവർത്തിക്ക് പ്രതിഫലം ലഭിച്ചു. മലയിടിച്ചിൽ കൊണ്ടാണ് ഉരുൾപൊട്ടൽ ഉണ്ടാവാൻ സാധ്യത ഉണ്ടായതും

സംഭവിച്ചതും.

ഇനി ഈ ദുരന്തത്തെ നമുക്ക് അതിജീവിക്കാം കൂടാതെ നവകേരള പദ്ധതിക്ക് തണലാകാനും വികസനത്തിൻറെ പാതയിൽ കഴിവതും നമുക്ക് ഒരു കൂട്ടാവാനും ശ്രമിക്കാം.പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിച്ച് അവരെയെല്ലാം നമുക്ക് സഹായിക്കാം.

പകൽ മുഴുവൻ  കൊടുംച്ചൂടും വൈകുന്നേരത്തോടുകൂടി കനത്തമഴയും വർഷം മുഴുവൻ  ഉണ്ടാകുകയും,  ഇടതൂർന്ന വൃക്ഷങ്ങൾ വളരുന്നതുമായ കാടുകളാണ്  മഴക്കാടുകൾ. വർഷം മുഴുവൻ പച്ച പിടിച്ച നിൽക്കുന്നതും വനാന്തരങ്ങളിൽ കനത്ത ഇരുട്ട് പരത്തുന്നതുമായ ഇവിടം വന്യമൃഗങ്ങളും ക്ഷുദ്ര ജന്തുക്കളും  കൊണ്ട് സമ്പന്നമാണ്.  ലോകത്തിലെ ഏറ്റവും വലിയ മഴക്കാട് ആമസോൺ  മഴക്കാട് ആണ്.

# കൗതുകം

*ശ്രീ ലക്ഷ്മി*

ആദ്യമായിട്ടാണ് അവൾ അച്ഛൻറെ കൂടെപോകുന്നത്. അമ്മ അച്ഛനോട് എന്നും പറയും കാർത്തികയെ നിങ്ങൾക്ക് എപ്പോഴെങ്കിലും പുറത്തുകൊണ്ടുപോയി കൂടെ എന്ന്. അത്ഭുതം! അമ്മയുടെ വാക്ക് ഇന്നെങ്കിലും അച്ഛൻ കേട്ടു.

സ്കൂളിൽ നിന്ന് വന്ന് ഭഗവതി ക്ഷേത്രത്തിലെ ചെണ്ട കൊട്ടുന്നത്കേട്ടുകൊണ്ട് ഹോം വർക്ക് ചെയ്യുന്ന അവളെ നോക്കി അച്ഛൻ ചോദിച്ചു. ഞാൻ ക്ഷേത്രത്തിലേക്ക് പോകുന്നുണ്ട് നീയും വരുന്നോ എന്ന്. അവൾ സന്തോഷത്തോടെ തലയാട്ടി. ഉത്സവത്തിന് അവൾ ഇതുവരെ പോയിട്ടില്ല.

അപ്പ എന്നും പറയും, ഉത്സവത്തിന് ഭഗവതിയെ നേരിട്ട് കാണും അവിടെ നിന്ന് കളിക്കോപ്പുകൾ വാങ്ങും ആകാശം മുട്ടുന്ന ആകാശത്തൊട്ടിൽ പിന്നെ അവിടെ പല നിറത്തിലുള്ള വളകളും മാലകളും ഒക്കെ ഉണ്ടാകും എന്ന് പറഞ്ഞ് അവളെ കൊതിപ്പിക്കും.

അതുകൊണ്ടുതന്നെ അച്ഛൻ വന്നു ചോദിച്ചപ്പോൾ അവൾക്ക് അടക്കാനാവാത്ത സന്തോഷവും ഉത്സാഹവും ഉണ്ടായി. അപ്പു തന്നോട് ഉത്സവത്തെക്കുറിച്ച് വർണ്ണിച്ചപ്പോൾ തന്നെ മനസിൽ മൊട്ടിട്ട കൗതുകം പടർന്നു പന്തലിച്ച ഒരു വലിയ വൃക്ഷമായി.

അവൾ കണ്ണ് ഉറന്നു സ്വപ്നം കണ്ടു വേഗം തന്നെ കുളിച്ചു പുത്തനുടുപ്പിട്ട് പൊട്ടു വച്ച് കണ്ണെഴുതി സുന്ദരിയായി. ഇന്ന് ഭഗവതിയെ നേരിട്ടു കാണാൻ പോകുന്നു, ആകാശം തൊടാൻ പോകുന്നു, സുന്ദരിയായി ഒരുങ്ങിനിന്ന അവളെ നോക്കി അമ്മ സങ്കടത്തോടെ പറഞ്ഞു. അച്ഛനെ കാണാൻ കമ്പനിയിലെ മാനേജർ വരുന്നുണ്ട് അതുകൊണ്ട് നമുക്ക് അടുത്ത ഉത്സവത്തിനു പോകാം. അവളുടെ കണ്ണിൽ നിന്ന് കണ്ണുനീർ കവിളിലൂടെ ഒലിച്ചിറങ്ങി.



***അമൃത. സി***

# പ്രകൃതിരമണീയമായ  കേരളനാട്

# ഹരിത ഭാവിയിലേക്ക്

*മുഹമ്മദ് ഹാസിൽ*

ഒരു അപകട മുനമ്പിൽ എത്തി നിൽക്കുകയാണ് ഭൂമി. ഒരു ഹരിത ഭാവിയിലേക്ക് നാം ചുവടു വെച്ചാൽ മാത്രമേ കരകയറാൻ കഴിയുകയുള്ളൂ. അതിനു നമ്മുടെ ജീവിത ശൈലി മാറ്റണം, സ്വയം മാറണം.

ഉറങ്ങുമ്പോൾ കാണുന്നതല്ല
സ്വപ്നം ,
ഉറങ്ങാൻ
അനുവദിക്കാത്തതാണ്
സ്വപ്നം....

# ഭൂമിയെ രക്ഷിക്കാൻ നമുക്ക് എന്തൊക്കെ ചെയ്യാം?

*മുഹമ്മദ് ജൗഹർ*

പ്ലാസ്റ്റിക് ഉപയോഗം കുറക്കണം, യാത്രയ്ക്ക് പൊതുഗതാഗത സംവിധാനങ്ങളെ ആശ്രയിക്കാം, നടപ്പം സൈക്കിൾ യാത്രയും ശീലമാക്കാം, വീട്ടിൽ ചെടി നട്ടുവളർത്താം, ജലം ശ്രദ്ധയോടെ വിനിയോഗിക്കാം, വൈദ്യുതി കരുതി ഉപയോഗിക്കാം അങ്ങനെ ഏതെല്ലാം ആലോചിക്കു.........

ഭൂമിയെ രക്ഷിക്കൂ...........

# കണ്ടൽ കാട്ടുകൾ

*ഷഹനാദ് കെ.*

തീരപ്രദേശത്തെ ചളി തട്ടുകളിലും, അഴിമുഖത്തും, ലവണാംശം കൂടിയ ചതുപ്പ് നിലങ്ങളിലും ഇടതൂർന്ന് വളരുന്ന മരങ്ങളുടെയും കുറ്റിച്ചെടികളുടെയും കൂട്ടത്തെയാണ് കണ്ടൽക്കാട്ടുകൾ എന്ന് പറയുന്നത്. ഉയരക്കുറവും വെള്ളത്തിനടിയിൽ കെട്ടുപിണഞ്ഞു കിടക്കുന്ന വേരുകളും (ശ്വസന വേരുകൾ) ഇവയുടെ പ്രത്യേകതകളാണ്. രണ്ടായിരത്തോളം വ്യത്യസ്ത തരം മത്സ്യങ്ങളുടെയും മറ്റു ജീവികളുടെയും താമസസ്ഥലം കൂടിയാണ് കണ്ടൽക്കാട്ടുകൾ.

തടികൾ, വിറക് എന്നിവ കണ്ടൽ ചെടികളിൽ നിന്നും ലഭിക്കുന്നു. കൂടാതെ തേൻ, മരുന്നുകൾ, മത്സ്യം, മാംസം എന്നിവയും ലഭ്യമാകുന്നു. കണ്ടൽ വനങ്ങളിൽ നിന്നും ലഭിക്കുന്ന കാലിത്തീറ്റയിൽ വിറ്റാമിനുകളും ധാതുക്കളും കൂടിയ അളവിൽ അടങ്ങിയിട്ടുള്ളതായി കണ്ടുവരുന്നു.

തടിക്കും വിറകിനും വേണ്ടിയുള്ള അശാസ്ത്രീയമായ ചൂഷണമാണ് കണ്ടലുകൾക്ക് നേരെയുള്ള ഏറ്റവും വലിയ ഭീഷണി.

# കാട്ടുകൾ ......കാട്ടുകൾ......

*മുഹമ്മദ് .വി*

സസ്യജന്തുജാലങ്ങളുടെ വളർച്ചയും നിലനിൽപ്പും പരിരക്ഷിക്കുന്ന ഭൂവിഭാഗമാണ് കാട്ടുകൾ. പ്രകൃതിയുടെ പരിസ്ഥിതിസന്തുലനത്തിൽ കാട്ടുകൾ പ്രധാന പങ്കുവഹിക്കുന്നു.

കുന്നുകളുടെയും പർവതങ്ങളുടെയും ചരിഞ്ഞ പ്രതലങ്ങളിലുള്ള മണ്ണൊലിപ്പിനെ തടയുന്നു. ഒരു പരിധിവരെ മഴ, മഞ്ഞ് തുടങ്ങിയവ വനങ്ങളെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്.

# നിത്യഹരിതവനങ്ങൾ.........

ജിഷ്ണു . സി

എക്കാലവും ഇല പൊഴിയാതെ ഹരിതാഭമായി നിൽക്കുന്ന കാട്ടുകളെയാണ് നിത്യഹരിത വനങ്ങൾ എന്നുപറയുന്നത്.

കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട നിത്യഹരിതവനം പാലക്കാട് ജില്ലയിലെ സൈലൻറ് വാലി ആണ്.



# ഏറ്റുമാടം

*മുഹമ്മദ് സിയാദ്. ബി.എം*

പൊന്നിൻ ചിങ്ങമാസ പൂക്കളെ-

പൂന്തെന്നലേ, പൂപൈങ്കിളികളേ

ആകാശ കോവിലാം ഏറുമാടത്തിൽ

ഒരു കുറി എന്നെയും കൂട്ടിരു-

ത്തുമോ ഈ സുഗന്ധ രാവിൽ

കൊഴിഞ്ഞ യാമങ്ങളെ പുണർന്ന്

സ്നേഹബാഷ്പതുശാര ബിന്ദുവാകാൻ

നാടിൻറെ നെറുകയിൽ ഒന്ന് ഉമ്മ വെക്കാൻ

ഒരു കുറിയെന്നെന്നും കൈപിടിച്ച്

ഇരുത്തുമോയീ ഏറുമാടം ആകാശകോവിലിൽ

നിൻ കലയും, കളിയും, മണിതൊട്ടിലും

അതിലിരുന്ന് പാട്ടും കുയിൽ

പെണ്ണിൻ  മണികിലുക്കവുമിന്നെങ്ങുപോയി

നാടിൻ മണിമുത്തുകൾ  പണിതൊരീ

ഏറ്റുമാടത്തെ നോക്കി ചിരിക്കാൻ

വാകയും,  കൊന്നയും , കാട്ടുകുറിഞ്ഞിയും

ഒരു നീർമാതളപ്പൂപോലുമിന്നില്ലല്ലോ

സ്നേഹഭാഷ്പഹിമബിന്ദുവാൽ

മുംതാസിന് താജമഹൽ അല്ലയോ ഈ സൗധം

മജ്നുവിൻ സ്നേഹ തിരമാലകളുയർത്തിയ

ലൈലത്തൻ  മണിമഞ്ചൽ ആകുമോ

യി  പ്രേമ സൗധം

ശൂന്യമാണിന്നിവിടം  വിജനമാണീ

തീരമെങ്കിലും മിന്ന്-

ഈ തേൻമാവും, തേൻ വരിക്കയും,  ഇലഞ്ഞിയും

മണികൊന്നയിലിരുന്നു പാട്ടും,

വിഷുപക്ഷിയും  ഇന്നിറങ്ങിപ്പോയി

കുരുവിയും  കൊച്ചിയും, ദേശാടനപക്ഷിയും

ഇരുന്നു തേങ്ങും കുളക്കോഴി പെണ്ണും ഇത് എങ്ങുപോയി

ഞാറും,ഞാറ്റടിയും, മണ്ണിൻ ഗന്ധവും,

മുണ്ടകൻ പാടവും,   ചീമേനി കതിർ

കൊത്തി പായും, എൻ നാടിൻ കിളികളും

കാട്ടുമൃഗങ്ങളും, നാടൻപാട്ടുകളും,

പരിയോല ച്ചൂടി തെങ്ങി കരയുമി പാടത്തെ

കുറുമ്പി പെണ്ണും ഇതെങ്ങ് പോയി

എല്ലാം മറഞ്ഞു പോയി

മാറി മറിഞ്ഞു പോയി

എന്നിട്ടും ഈ പണിത മാടത്തിൻറെ

പൊരുളെന്ത് ചെറുബാല്യമേ!

എനിക്കു ചിരിക്കണം,  കളിക്കണം അവിടെ

കുഞ്ഞിളം പൈതൽ പോലെ

കൊഞ്ചി കുഴയണം, ഇവിടെ,

നാടൻപാട്ടിൻറെ ശീലുകൾ പാടി

വെണ്ണിലാവിനെ നോക്കി

മുണ്ടൻ പാടത്തിൻറെ വരമ്പിൽ ഇരുന്നു

കരഞ്ഞാരോ കുറുമ്പി പെണ്ണിൻറെ കണ്ണുനീർ

പാടുന്നു തുടയ്ക്കാൻ

പുലരി വരുന്നേ എന്ന്

ഉറക്കെ വിളിച്ചു കൂവി

എൻറെ നാടിൻറെ ഓമനകളെ

വിളിച്ചുണർത്താൻ

ഒരു ഉണർത്തു പാട്ട് പാടണം എനിക്കിന്ന്

എന്നെന്നും കൈ പിടിച്ചിരുത്തുക

ഈ ഏറുമാടമാം ആകാശ കോവിലിൽ.

# പൊരുതി വളർന്ന കേര നാട്

**സുൽത്താൻ ബിൻ  സാദിഖ്**

ഇന്ത്യയുടെ തെക്കുപടിഞ്ഞാറൻ  ഭാഗത്ത് നീണ്ടുകിടക്കുന്ന 44 നദികളാൽ  ആർദ്രമായതാണ് കേരള സംസ്ഥാനം.  തനതായ ഭാഷയും സാഹിത്യവും കലയും ഉണ്ട്. മറ്റ സംസ്ഥാനങ്ങൾക്ക് ഇല്ലാത്ത രാഷ്ട്രീയ പ്രബുദ്ധതയും ഉണ്ട്. മലയാളികളുടെ  കൂട്ടായ്മയുടെയും  നിരന്തര സ്മരണകളുടെയും  ഫലമായാണ്  കേരളമെന്ന  ഭാഷാസംസ്ഥാനം രൂപീകൃതമായത്. 1956 നവംബർ ഒന്നിന് ഐക്യകേരളം എന്ന സ്വപ്നം പൂവണിഞ്ഞു.

കേരളത്തിന് നൂറ്റാണ്ടുകൾ നീണ്ട  സാമൂഹ്യ  വികസനത്തിൻറെ ചരിത്രമുണ്ട്. പ്രാചീന കേരളം വിശാലമായ തമിഴകത്തിന് ഭാഗമായിരുന്നു . ക്രിസ്തു വർഷത്തെ ആദ്യത്തെ അഞ്ചു നൂറ്റാണ്ട് കേരള ചരിത്രം രൂപപ്പെട്ടുവരുന്ന കാലഘട്ടമാണ്. ചരിത്രമുറങ്ങുന്ന വിശാലമായ മണ്ണാണ്  കേരളത്തിൻറേത്. കേരളത്തിൻറെ  വിഭവസമ്പത്ത് പഴയകാലത്തു തന്നെ  വിദേശീയരെ ആകർഷിച്ചിരുന്നു. ഗ്രീക്ക്, റോമൻ രാജ്യങ്ങളുമായി വാണിജ്യബന്ധം

നടന്നിരുന്നതായി സംഘകാലകൃതികളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ന്യൂറുകണക്കിന് നിക്ഷേപ കുടുക്കകൾ പൊട്ടിച്ച ദുരിതാശ്വാസ നിധിയെ സമ്പന്നമാക്കിയ കേരളത്തിലെ കുഞ്ഞുങ്ങളോടുള്ള സർക്കാറിൻറെ ആദരവാണ് നവകേരള സംരംഭത്തിൽ കുട്ടികളെ കൂടി ഉൾപ്പെടുത്താൻ ഇടയായത്. നാളെ എങ്ങനെയാണെന്ന് നാളത്തെ പൗരന്മാർക്ക് തീരുമാനിക്കാൻ ലഭിക്കുന്ന അത്ഭുതപൂർവ്വമായ അവസരം!

നവകേരളത്തെ കുറിച്ച് കുട്ടികൾക്കുള്ള ആശയങ്ങൾ മുതിർന്നവർ, മാതാപിതാക്കൾ, തുടങ്ങിയവരോട് ചർച്ച ചെയ്ത രൂപപ്പെടുത്തിയ ആശയങ്ങൾ നൽകുകയാണ് വേണ്ടത്.

# നന്ദി